ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇല്ല. സംസ്ഥാന ഉടമസ്ഥതയിലുള്ള വൈദ്യുത വിതരണ കമ്പനികളുടെ സാമ്പത്തികനിലയും പ്രവർത്തന മികവും മെച്ചപ്പെടുത്തുന്നത് ലക്ഷ്യംവച്ചുള്ള കേന്ദ്ര പദ്ധതിയായ 'ഉദയ് ' 20-11-2015-ൽ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടേയുള്ളൂ. പദ്ധതിയെക്കുറിച്ച് വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ സംസ്ഥാനത്ത് ആയത് നടപ്പാക്കാനാകുമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാനാകുകയുള്ളൂ.

(ബി) ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ലാത്ത 2014-15 സാമ്പത്തിക വർഷത്തെ താത്കാലിക കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സഞ്ചിത നഷ്ടം 1300.43 കോടി രൂപയാണ്.

(സി) ഇല്ല.

(ഡി) പ്രാരംഭ വിലയിരുത്തലിൽ വൈദ്യുതി നിരക്ക് വർദ്ധിക്കുന്ന പുതിയ നിർദ്ദേശങ്ങളൊന്നും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

സഹകരണ ബാങ്കുവായ്പ വ്യവസ്ഥകൾ

4(*184) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പ അനുവദിക്കുന്ന കാര്യത്തിലും, തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്ന കാര്യത്തിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്കുകളുടെ സൂക്ഷ്മതക്കുറവുമൂലം റിസ്ക് ഫണ്ട് സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ മരണമടയുന്ന വായ്പക്കാരന്റെ കുടുംബത്തിന് ലഭിക്കുന്നില്ലെന്ന ആവലാതി ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

LIBRARY ARCHIVES Kerala Legislative Assembly

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പ അനുവദിക്കുന്ന കാര്യത്തിലും തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്ന കാര്യത്തിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു :

1. വായ്പാ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് സമയപരിധി നിശ്ചയിച്ചും വായ്പാ വിതരണ നടപടിക്രമങ്ങൾ ലഘൂകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

2. അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും വർദ്ധിപ്പിച്ചുകൊണ്ട് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു.

3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ, മത്സ്യത്തൊഴിലാളികൾ, മത്സ്യവില്പനക്കാർ തുടങ്ങി അടിസ്ഥാന വർഗ്ഗക്കാരായ ആളുകൾക്ക് കൊള്ളപ്പലിശക്കാരിൽനിന്നും ആശ്വാസം നൽകുന്നതിന് വായ്പകൾ അനുവദിക്കുന്നതിനും അനുമതി നൽകി.

4. ആവശ്യമായ സ്ഥലങ്ങളിൽ സഹകരണസംഘങ്ങളിലെ/ ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ ദീർഘിപ്പിക്കുന്നതിന് സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനം ഞായറാഴ്ചകൂടി പ്രവർത്തിപ്പിക്കുന്നതിനും അനുമതി നൽകി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

5. വിവിധയിനം വായ്പകളുടെ കാലാവധിയും വായ്പാ തുകയും വർദ്ധിപ്പിച്ചും പലിശ നിരക്ക് പരിഷ്കരിച്ചും മാർഗ്ഗനിർദ്ദേശം പുറപ്പെടു വിച്ചു.

6. വായ്പാ സംഘങ്ങൾ/ബാങ്കുകൾ റിസ്ക് ഫണ്ട് പദ്ധതിയിൽ നിർബന്ധമായും ചേർന്നിരിക്കണമെന്ന് നിയമവ്യവസ്ഥ ഉൾപ്പെടുത്തി.

7. വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത വായ്പക്കാർക്ക് ഉദാര വ്യവസ്ഥകളോടും ഇളവുകളോടുംകൂടി വായ്പ തിരിച്ചടയ്ക്കുന്നതിന് ആശ്വാസ് പദ്ധതി നടപ്പാക്കി.

8. കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവരുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുകയും പലിശരഹിത വായ്പ നൽകുകയും ചെയ്യുന്ന ഉത്തേജന പലിശയിളവ് പദ്ധതി നടപ്പാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുമെന്ന് റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ ഈ സർക്കാർ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം നടപടി സ്വീകരിച്ച് അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. കൂടാതെ റിസ്ക് ഫണ്ട് പദ്ധതിപ്രകാരമുള്ള ആനുകൂല്യം ഏതെങ്കിലും സംഘങ്ങളുടെ മനഃപൂർവ്വമായ വീഴ്ച കാരണം ലഭ്യമാകാതെ വരുന്ന കേസുകളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സ്മാർട്ട്സിറ്റി പദ്ധതിയുടെ കരാറനുസരിച്ചുള്ള പ്രവർത്തന പുരോഗതി

5(*185) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി പദ്ധതി കരാറനുസരിച്ച് പ്രവർത്തന പുരോഗതി കൈവരിച്ചിട്ടുണ്ടോ ;

(ബി) സ്മാർട്ട്സിറ്റി പദ്ധതി കരാറനുസരിച്ച് പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കരാറനുസരിച്ച് ഏതെല്ലാം കാര്യങ്ങളാണ് ഇക്കാലയളവിൽ പൂർത്തീകരിക്കേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കുമോ ; എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടില്ല എന്ന് അവലോകനം നടത്തിയിട്ടുണ്ടോ;

(ഡി) സ്മാർട്ട് സിറ്റിയെ ഐ.ടി.സെസിൽ നിന്നും മൾട്ടിസെസ് ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമൂലം സ്മാർട്ട്സിറ്റി അധികൃതർ അനധികൃത ലാഭം നേടുമോ : വിശദാംശം വ്യക്തമാക്കുമോ ;

(ഇ) വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ച് സ്മാർട്ട്സിറ്റി കരാറനുസരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(എഫ്) സ്മാർട്ട് സിറ്റിക്ക് സർക്കാർ നൽകിയ സ്ഥലം ഉപസംരംഭകർക്ക് നൽകുന്നതിലൂടെ വൻലാഭം നേടിയെടുക്കുന്നതായും ഇതിന് സർക്കാർ കൂട്ടു നില്ക്കുന്നതായുമുള്ള ആക്ഷേപങ്ങളിൽ നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly